ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

സെപ്തംബർ 18, 2017

**ലോകസേവ സഹകാരി ബാങ്കിന് (പൂനെ, മഹാരാഷ്ട്ര) നൽകിയ ലൈസൻസ് ഭാരതീയ റിസർവ് ബാങ്ക് റദ്ദു ചെയ്യുന്നു.**

ഭാരതീയ റിസർവ് ബാങ്കിന്റെ 2017 സെപ്തംബർ 14 ലെ ഉത്തരവ് പ്രകാരം ലോകസേവ സഹകാരി ബാങ്കിന് (പൂനെ, മഹാരാഷ്ട്ര) നൽകിയ ലൈസൻസ് റദ്ദു ചെയ്തിരിക്കുന്നു. 2017 സെപ്തംബർ 18 ന്റെ ഇടപാടുകൾ അവസാനിക്കുന്ന സമയം മുതൽ ഈ ഉത്തരവ് പ്രാബല്യത്തിലുണ്ടായിരിക്കും. ലികിഡേറ്ററെ നിയമിക്കുവാനും ബാങ്കിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാനുമായി സഹകരണ സംഘം രജിസ്ട്രാർ (മഹാരാഷ്ട്ര) വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.
ബാങ്കിന്റെ ലൈസൻസ് ഭാരതീയ റിസർവ് ബാങ്ക് റദ്ദു ചെയ്യുവാനുള്ള കാരണങ്ങൾ:

- ബാങ്കിന് ആവശ്യമായ മൂലധനമോ ലാഭ സാദ്ധ്യതയോ ഇല്ല. അതിനാൽ1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ 11(1), 22(3)(d), 56 എന്നീ വകുപ്പുകൾ ബാങ്ക് പാലിച്ചിട്ടില്ല.
- നിലവിലേയും ഭാവിയിലേയും നിക്ഷേപകരുടെ നിക്ഷേപങ്ങൾ കാലാവധി അവസാനിക്കുമ്പോൾ പൂർണ്ണമായി തിരികെ നല്കാനുള്ള കഴിവില്ലായ്മ, മുകളിൽ സൂചിപ്പിച്ച നിയമത്തിലെ 22(3)(a), 56 എന്നീ വകുപ്പുകളുടെ ലംഘനം.
- നിലവിലുള്ളതും ഭാവിയിലേയും നിക്ഷേപകരുടേയും പൊതു ജനങ്ങളുടെയും താല്പര്യങ്ങൾക്ക് ദോഷകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ മുകളിൽ സൂചിപ്പിച്ച നിയമത്തിലെ 22(3)(b), 56 എന്നീ വകുപ്പുകളുടെ ലംഘനം.
- ആവശ്യമായ സമയവും സൗകര്യങ്ങളും നൽകിയിട്ടും മടങ്ങി വരവിനു/മെച്ചപ്പെടലിന് വിദൂരമായ സാദ്ധ്യത പോലുമില്ലാത്ത സാമ്പത്തിക സ്ഥിതി.
- ബാങ്ക് അതിന്റെ മൂലധനം വര്ധിപ്പിക്കുന്നതിനോ സാമ്പത്തിക പുനഃസംഘടനക്കോ വേണ്ടി യാതൊരു നടപടിയും എടുത്തിട്ടില്ല എന്ന് മാത്രമല്ല മൂർത്തമായ/ പ്രായോഗികമായ ഒരു പുനരുദ്ധാരണ പദ്ധതിയും ആവിഷ്കരിക്കുവാൻ ബാങ്കിന് കഴിഞ്ഞിട്ടില്ല. നല്ലനിലയിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ബാങ്കുമായി

ലയിക്കാനുള്ള നിർദ്ദേശവും ബാങ്കിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ആവശ്യാനുസരണം സമയവും അവസരങ്ങളും നൽകിയിട്ടും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ബാങ്കിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. 2013, 2014, 2015 എന്നീ വര്ഷങ്ങളിലെ സാമ്പത്തിക നിലയെ അടിസ്ഥാനമാക്കി നടത്തിയ പരിശോധനകളിൽ തെളിഞ്ഞത് പോലെ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വഷളായിത്തന്നെ തുടരുന്നു. അതിനാൽ ബാങ്ക് മാനേജ്മെന്റിന്റെ പൊതുസ്വഭാവം ജനവിരുദ്ധവും നിക്ഷേപക വിരുദ്ധവും ആണ് എന്ന് കാണാം.

- 1949 ലെ ബാങ്കിങ് റെഗുലേഷൻ നിയമത്തിലെ വകുപ്പ് 22(3)(ഇ) പ്രകാരം ഈ സ്ഥാപനത്തെ ബാങ്കിംഗ് ഇടപാടുകൾ തുടർന്നും നടത്തുവാൻ അനുവദിക്കുന്നത് കൊണ്ട് ഉപയോഗപ്രദമായ യാതൊരു ലക്ഷ്യവും നേടുന്നില്ല. കൃത്യമായി പറഞ്ഞാൽ ഈ സ്ഥാപനത്തെ തുടർന്ന് പ്രവർത്തിക്കുവാൻ അനുവദിച്ചാൽ അത് പൊതുജന താല്പര്യത്തിന് എതിരായിരിക്കും.

2. ലൈസൻസ് റദ്ദു ചെയ്തതോടു കൂടി ലോകസേവ സഹകാരി ബാങ്കിനെ (പൂനെ, മഹാരാഷ്ട്ര) ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ 5(b), 56 എന്നീ വകുപ്പുകളിൽ നിർവചിച്ചിരിക്കുന്ന ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നതിൽ നിന്നും ഈ സമയം മുതൽ നിരോധിച്ചിരിക്കുന്നു.

3. ലൈസൻസ് റദ്ദു ചെയ്യുകയും ലിക്വിഡേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്ത സ്ഥിതിക്ക് ഡെപ്പോസിറ്റ് ഇൻഷുറൻസ് & ക്രെഡിറ്റ് ഗാരന്റി കോർപ്പറേഷന്റെ വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കിന്റെ നിക്ഷേപകർക്ക് നിക്ഷേപസംഖ്യ തിരികെ നൽകുവാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ലിക്വിഡേഷൻ സമയത്ത് DICGCയുടെ സാധാരണ നടപടിക്രമങ്ങൾക്കു വിധേയമായി എല്ലാ നിക്ഷേപകർക്കും തങ്ങളുടെ നിക്ഷേപം ഒരു ലക്ഷം രൂപയുടെ പരിധിക്കുള്ളിൽ ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കും.

അനിരുദ്ധ.ഡി.യാദവ്
അസിസ്റ്റന്റ് മാനേജർ

പത്രപ്രസ്താവന: 2017-2018/766